"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - കാട്ടാക്കട നിയോജകമണ്ഡലത്തിൽ സംഘടിപ്പിക്കുന്ന "ഒപ്പം" ജോബ് ഫെയറിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2584/2025/LSGD   തീയതി,തിരുവനന്തപുരം, 27-10-2025

പരാമർശം:- 1. കാട്ടാക്കട എംഎൽഎ സമർപ്പിച്ചിരിക്കുന്ന 14.10.2025 തീയതിയിലെ കത്ത്.

**ഉത്തരവ്**

കാട്ടാക്കട നിയോജക മണ്ഡലത്തിലെ 6 പഞ്ചായത്തുകളെയും പങ്കെടുപ്പിച്ച് കൊണ്ട് കാട്ടാക്കടയിൽ വച്ച് "ഒപ്പം" എന്ന പേരിൽ ജോബ് ഫെയർ സംഘടിപ്പിക്കുന്നതായും വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി നൈപുണ്യ വികസന പരിശീലനമുൾപ്പെടെ സംഘടിപ്പിച്ചു കൊണ്ടാണ് ജോബ് ഫയർ നടക്കുന്നതെന്നും പ്രസ്തുത ജോബ് ഫെയറിന്റെ ചെലവുകൾക്കായി കാട്ടാക്കട നിയോജക മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിൽ നിന്നും ₹40,000/- വീതം തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി ലഭ്യമാക്കണമെന്നും കാട്ടാക്കട എംഎൽഎ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കാട്ടാക്കടയിൽ വച്ച് "ഒപ്പം" എന്ന പേരിൽ സംഘടിപ്പിക്കുന്ന ജോബ് ഫെയറിന് കാട്ടാക്കട നിയോജക മണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ₹40,000/- വീതം (നാല്പതിനായിരം രൂപ മാത്രം) തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 27-10-2025 13:17:09

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.